# പ്ലാച്ചിമട സമരത്തിന്റെ അജണ്ട ഇനിയെന്ത് ?

## സി.ആർ. ബിജോയ്

**പ്ലാച്ചിമട** നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ തിരിച്ചയച്ചതിനൊപ്പം കേരളത്തിന് കൈമാറിയ സോളിസിറ്റർ ജനറൽ രഞ്ജിത്ത് കുമാറിന്റെ വിശദീകരണം ചിദംബരത്തിന്റെ കാലത്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം എടുത്ത അതേ നിലപാടുകൾ തന്നെ ആവർത്തിക്കുകയാണ് ചെയ്യുന്നത്. ഹരിത ട്രിബ്യൂണൽ ആക്ടിലെ 14(3), 15(3) എന്നീ സെക്ഷനുകൾ നിഷ്കർഷിച്ചിക്കുന്ന സമയപരിധിയുടെ പ്രശ്നത്തെക്കുറിച്ച്, അതിൽ ഇളവ് വരുത്താൻ ട്രിബ്യൂണലിനോട് ആവശ്യപ്പെടണമെല്ലാതെ സോളിസിറ്റർ ജനറൽ മറ്റൊന്നും പറയുന്നില്ല. എന്നാൽ പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ പരിഗണിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് കേരള നിയമസഭക്കുള്ള അധികാരങ്ങൾ പരിമിതമാണെന്ന് പറയുന്നുമുണ്ട്.

തർക്കത്തിന് കാരണമായ പ്രവൃത്തി നടന്ന് ആറ് മാസത്തിനുള്ളിൽ തർക്കപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കാത്ത പക്ഷം, സെക്ഷൻ S.14(3) പ്രകാരം ഹരിത ട്രിബ്യൂണൽ പ്രസ്തുത അപേക്ഷ പരിഗണിക്കേണ്ടതില്ല; നഷ്ടപരിഹാരമോ ദുരിതാശ്വാസമോ ആവശ്യപ്പെടുന്നതിന് കാരണമായ സംഭവം നടന്നതിന് 5 വർഷത്തിനുള്ളിലല്ലാതെ സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ നഷ്ടപരിഹാരം, ദുരിതാശ്വാസം, ആസ്തിയുടെയോ പരിസ്ഥിതിയുടെയോ പുനസ്ഥാപനം എന്നിവ സെക്ഷൻ S.15(3) പ്രകാരം അനുവദിച്ചു നൽകേണ്ടതില്ല. മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകന് മതിയായ കാരണത്താൽ തടസ്സം നേരിട്ടതാണെന്ന് ട്രിബ്യൂണലിന് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ, 60 ദിവസത്തിനുള്ളിൽ അപേക്ഷ ഫയൽ ചെയ്യാൻ അനുവദിക്കാവുന്നതാണ്.

സോളിസിറ്റർ ജനറലിന്റെ മറുപടിയുടെ ഉള്ളടക്കത്തിലേക്ക് കടക്കാതെ തന്നെ ചില ചോദ്യങ്ങൾ ചോദിക്കട്ടെ.

1. ബിൽ മടക്കിയ വിഷയത്തിൽ കേരള സർക്കാർ ഇനി

എന്താണ് തീരുമാനിച്ചിട്ടുള്ളത്? അടുത്ത നടപടിയെക്കുറിച്ച് കോൺഗ്രസ്സിന്റെയോ ഇടതുപക്ഷത്തിന്റെയോ പ്രതികരണങ്ങൾ എന്താണ് ?

2. അടുത്ത പരിപാടികളെക്കുറിച്ച് പ്ലാച്ചിമട സമരസമിതിയുടെയും ഐക്യദാർഢ്യ സമിതിയുടെയും ആലോചനകളും പ്രതികരണങ്ങളും എന്താണ്?

3. ബില്ല് പുനപരിശോധിക്കണമെന്ന് കേരള സർക്കാർ രാഷ്ട്രപതിയോട് ആവശ്യപ്പെടേണ്ടതുണ്ടോ?

4. നടപടിയെ ചോദ്യം ചെയ്തുകൊണ്ട്, സുപ്രീം കോടതിയുടെ ഇടപെടൽ കേരള സർക്കാർ ആവശ്യപ്പെടേണ്ടതുണ്ടോ?

5. സോളിസിറ്റർ ജനറൽ ശുപാർശ ചെയ്തതു പോലെ കേരള സർക്കാർ ചെന്നൈയിലെ ഹരിത ട്രിബ്യൂണലിൽ അടിന്തരമായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ടോ?

6. സെക്ഷൻ 14(3), 15(3) പ്രകാരം കേസ് ഫയൽ ചെയ്യാൻ ഹരിത ട്രിബ്യൂണൽ വിസമ്മതിക്കുകയാണെങ്കിൽ പിന്നെന്താണ് ചെയ്യാൻ പോകുന്നത്?

7. എല്ലാ രാഷ്ട്രീയപാർട്ടികളെയും കൂടെക്കൂട്ടി ഇതൊരു രാഷ്ട്രീയ വിഷയമായി കേരള സർക്കാർ പരിഗണിക്കുമോ?

8. സമരത്തിന്റെ രണ്ടാംഘട്ടം എന്ന നിലയിൽ പ്ലാച്ചിമടയിൽ സമരം ഉയർന്നു വരുമോ? അങ്ങനെയെങ്കിൽ അതിന്റെ അജണ്ട എന്തായിരിക്കും?

പ്ലാച്ചിമട നിവാസികളുടെ ആവശ്യങ്ങളെ പ്രതിനിധീകരിച്ചു കൊണ്ട് സംസ്ഥാന സർക്കാരോ ബന്ധപ്പെട്ട സമര സമിതികളോ അടിയന്തരമായി ദേശീയ ഹരിത ട്രിബ്യൂണൽ (ചെന്നൈയിലെ സതേൺ സോണൽ ബെഞ്ചിൽ) മുമ്പാകെ ഒരു പെറ്റീഷൻ (Order 1, Rule 8 of the Code of Civil Procedure, 190) സമർപ്പിക്കേണ്ടതുണ്ട്. രാഷ്ട്രപതിയുടെ അനുമതിക്കായി കേരള ഗവർണ്ണർ ബിൽ റിസർവ് ചെയ്ത് വെച്ചിരുന്നതിനാലാണ് കാലതാമസം ഉണ്ടായതെന്ന് വിശദീകരിച്ചുകൊണ്ട്, പെറ്റീഷന്റെ കൂടെ കാലതാമസം ഇളവ് ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷയും സമർപ്പിക്കാവുന്നതാണ്. അതിനാൽ പെറ്റീഷനെ എൻ.ജി.ടി ആക്ട് സെക്ഷൻ 14(3), 15(3) പ്രകാരമുള്ള കാലാവധിയിൽ നിന്നും ഒഴിവാക്കിത്തരണമെന്നും അപേക്ഷിക്കണം. ■